# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

എ6/523/2013(1)

തൈക്കാട് തിരുവനന്തപുരം-14,
തീയതി:09/01/2013

## ട്രെയിനിംഗ് ഡയറക്ടറുടെ നടപടി ക്രമം
(നിലവിൽ: കെ.ബിജു, ഐ.എ.എസ്)

വിഷയം: വ്യാവസായിക പരിശീലന വകുപ്പ് - ജീവനക്കാര്യം - ആഫീസിന്റെ പ്രവർത്തനം തടസ്സപ്പെടുത്തിനിന്ന ഉദ്യോഗസ്ഥനെ അന്വേഷണവിധേയമായി സസ്പെന്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന:- 1. ശ്രീ.സി.വി. ചന്ദ്രശേഖരൻ, ഹെഡ് ക്ലാർക്ക് ആർ.ഐ.സെന്റർ കോട്ടയത്തിന്റെ റിപ്പോർട്ട്.
2. ട്രെയിനിംഗ് ഡയറക്ടറുടെ 09.01.2011 ലെ നിർദ്ദേശം.
3. ജി.ഒ.(പി)385/12/ജിഎഡി/ തീയതി:26.12.11

------------

സംസ്ഥാനത്ത് ഒരു വിഭാഗം സർക്കാർ ജീവനക്കാർ ആഹ്വാനം ചെയ്തിരിക്കുന്ന അനിശ്ചിത കാല പണിമുടക്കിൽ പങ്കെടുത്തുകൊണ്ട്, കോട്ടയം ആർ.ഐ. സെന്ററിലെ ട്രെയിനിംഗ് ആഫീസർ ആയ ശ്രീ.കെ.മൊയ്ദീൻ കുട്ടി ടി സ്ഥാപനം പൂട്ടി താക്കോൽ കളക്ടറേറ്റിൽ ഏൽപ്പിക്കുകയും, ആയത് വിവരം തന്റെ മേലധികാരികളെ അറിയിക്കാതെ സ്ഥാപനത്തിന്റെ പ്രവർത്തനം തടസ്സപ്പെടുത്തിയിട്ടുണ്ടെന്നും പരാമർശം (1) പ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഇതു സംബന്ധിച്ച് 09.01.2013 ൽ ശ്രീ.മൊയ്തീൻകുട്ടിയുമായി സംസാരിച്ച് ഓഫീസിൽ ഹാജരാകുവാൻ താല്പര്യമുള്ള ജീവനക്കാർക്കും ഓഫീസ് തുറന്നു നൽകുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടു എങ്കിലും, ടിയാൻ വിസമ്മതിച്ചിരിക്കുന്നു.

ഈ നടപടി, പരാമർശം (3) ലെ ഉത്തരവിന്റെ കടുത്ത ലംഘനവും കൃത്യവിലോപവും ആയതിനാൽ ഇതിന് ഉത്തരവാദിയായ ശ്രീ.കെ.മൊയ്ദീൻകുട്ടി, ട്രെയിനിംഗ് ആഫിസർ, ആർ.ഐ.സി. കോട്ടയത്തിനെ ഉടൻ പ്രാബല്യത്തിൽ വരത്തക്കവിധം അന്വേഷണ വിധേയമായി സേവനത്തിൽ നിന്നും സസ്പെന്റ് ചെയ്ത് ഉത്തരവാകുന്നു.

നിലവിൽ കോട്ടയം ഐ.ടി..യുടെ ചാർജ്ജ് വഹിക്കുന്ന ശ്രീ.റ്റി.റോയ്മാത്യൂ ടി വിഷയം സംബന്ധിച്ച് അന്വേഷണം നടത്തി 15 ദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കുവാൻ ഉത്തരവാകുന്നു.

ഒപ്പ്/-
ട്രെയിനിംഗ് ഡയറക്ടർ

സ്വീകർത്താവ്:

ശ്രീ. കെ. മൊയ്തീൻകുട്ടി,
റ്റി.ഒ. ആർ.ഐ.സെന്റർ,
കോട്ടയം.

പകർപ്പ്:-
1. ശ്രീ.റ്റി.റോയ് മാത്യൂ
2. സിഎ ഡിറ്റി/എഡിറ്റി/ജെഡിറ്റി
3. വെബ്സൈറ്റ്

//അംഗീകാരത്തോടെ//

അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്